പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1147 30.09.2016-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം വാണിജ്യ സമുച്ചയങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | സംസ്ഥാനത്ത് കെ.എസ്.ആർ. ടി.സി. ബസ് ടെർമിനൽ കം വാണിജ്യസമുച്ചയം എവിടെയെല്ലാം നിർമ്മിച്ച് നിലവിൽ വരുമാനമുണ്ടാക്കി വരുന്നു; ഓരോന്നിലുമുള്ള സ്ഥാപനങ്ങളുടെ എണ്ണവും അവയിൽ നിന്ന് ലഭിക്കുന്ന വരുമാനവും പട്ടിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | കാട്ടാക്കട, നെയ്യാറ്റിൻകര, നെടുമങ്ങാട്, പയ്യന്നൂർ, കൊട്ടാരക്കര, കാസർഗോഡ്, കണ്ണൂർ എന്നീ യൂണിറ്റുകളിലാണ് വ്യാപാര സമുച്ചയ പദ്ധതികൾ പൂർത്തീകരിച്ചത്.<br>കാട്ടാക്കട കടമുറികൾ 32-ഉം ഗോഡൗൺ സ്പെയ്സ് 3 എണ്ണവും ഓഫീസ് സ്പെയ്സ് 2 എണ്ണവും ഇതിൽ ഓഫീസ് ബ്ലോക്ക് 1 ഒഴികെ ബാക്കി എല്ലാത്തിനും ലൈസൻസികളെ കണ്ടെത്തിയിട്ടുണ്ട്. പലിശ രഹിത കരുതൽ നിക്ഷപമായി 6,24,01,000/- രൂപ വാഗ്ദാനം നല്കിയിട്ടുള്ളതും ടി ഇനത്തിൽ 6,10,21,000/- രൂപ പിരിഞ്ഞ് കിട്ടിയിട്ടുള്ളതുമാണ്. പ്രതിമാസ ലൈസൻസ് തുകയായി 1,86,714/- രൂപ പിരിഞ്ഞു കിട്ടുന്നു.<br>നെയ്യാറ്റിൻകര വാണിജ്യ സമുച്ചയത്തിൽ ആകെ കടമുറികൾ 40 എണ്ണവും ഒരു ഹാളുമാണുള്ളത്. ഇതിൽ ലൈസൻസികളെ കണ്ടെത്താനായത് 30 മുറികൾക്കാണ്. പലിശരഹിത കരുതൽ നിക്ഷേപമായി 4,45,47,000/- രൂപ വാഗ്ദാനം നൽകിയതിൽ 3,44,08,950/- രൂപ പലിശരഹിത കരുതൽ നിക്ഷപ ഇനത്തിൽ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. വാണിജ്യ സമുച്ചയത്തിലെ കടമുറികൾ തുറന്ന് പ്രവർത്തിച്ചു തുടങ്ങാത്തതിനാൽ ലൈസൻസ് ഫീ ഇനത്തിൽ പ്രതിമാസ തവണകൾ ലഭിച്ചു തുടങ്ങിയിട്ടില്ല. |

| | | | |
|---|---|---|---|
| | | | നെടുമങ്ങാട് യൂണിറ്റിൽ 53 കടമുറികളിൽ 24 കടമുറികൾക്ക് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷപമായി 5,52,10,800/- രൂപ വാഗ്ദാനമായി ലഭിച്ചതിൽ 4,97,45,930/- രൂപ കരുതൽ നിക്ഷേപ ഇനത്തിൽ പിരിഞ്ഞു കിട്ടുകയും ചെയ്തു. പ്രതിമാസ ലൈസൻസ് ഫീ ആയി 69,669/- രൂപ നിലവിൽ ലഭിച്ചു വരുന്നു.<br>പയ്യന്നൂർ യൂണിറ്റിൽ ആകെ 40 കടമുറികളിൽ 10 എണ്ണത്തിന് ലൈസൻസികളെ കണ്ടെത്തുകയും പലിശ രഹിത കരുതൽ നിക്ഷേപമായി 2,04,22,800/- രൂപ വാഗ്ദാനം ലഭിച്ചതിൽ 1,92,34,880/- രൂപ പിരിഞ്ഞ് കിട്ടുകയും ചെയ്തു. പയ്യന്നൂർ യൂണിറ്റിൽ കടകൾ തുറന്ന് പ്രവർത്തിച്ചു തുടങ്ങാത്തതിനാൽ വാടക ഇനത്തിൽ നിലവിൽ തുകകൾ ലഭിച്ചു തുടങ്ങിയിട്ടില്ല.<br>കണ്ണൂർ വാണിജ്യ സമുച്ചയത്തിൽ ആകെ 46 മുറികളാണ് ഉള്ളത്. അതിൽ 37 കടമുറികൾ ലൈസൻസികൾ പ്രവർത്തിക്കുകയും ബാക്കിയുള്ള 9 മുറികൾ കെ.എസ്.ആർ.ടി.സിയുടെ ഓഫീസായി ഉപയോഗിച്ചു വരികയും ചെയ്യുന്നു. പ്രതിമാസ വാടക ഇനത്തിൽ 1,48,000/- രൂപ ലഭിച്ചു വരുന്നു.<br>കൊട്ടാരക്കര വാണിജ്യസമുച്ചയത്തിൽ ആകെ കടമുറികൾ 34 എണ്ണവും ഒരു ഹാളുമാണ് ഉള്ളത്. ഇതിൽ 34 കടമുറികൾക്കും ലൈസൻസിയെ കണ്ടെത്തിയിട്ടുണ്ട്. ഒരു ഹാളുമാത്രമാണ് അവശേഷിക്കുന്നത്. പ്രതിമാസ വാടക ഇനത്തിൽ 3,11,846/- രൂപ കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിച്ചു വരുന്നു.<br>കാസർഗോഡ് ആകെ കടമുറികൾ 73 എണ്ണം. ഇതിൽ ലൈസൻസിയെ കണ്ടെ |

| | | | |
|---|---|---|---|
| | | | ത്തിയത് 71 മുറികൾക്കാണ്. പ്രതിമാസ ലൈസൻസ് ഫീസായി 5,74,000/- രൂപ കെ.എസ്.ആർ.ടി.സിയ്ക്ക് ലഭിച്ചു വരുന്നു. |
| (ബി) | ബി.ഒ.ടി. അടിസ്ഥാനത്തിൽ സം സ്ഥാനത്തെവിടെയെല്ലാം ആധുനി ക രീതിയിലുള്ള ബസ് ടെർമിനൽ കം വ്യാപാര സമുച്ചയം നിലവിൽ പ്രവർത്തിച്ച് വരുന്നു; ഓരോന്നിലു മുള്ള സ്ഥാപനങ്ങളുടെ എണ്ണവും അവയിൽ നിന്ന് ലഭിക്കുന്ന വരു മാനവും പട്ടിക തിരിച്ച് ലഭ്യമാക്കു മോ; | (ബി) | ബി.ഒ.ടി അടിഥാനത്തിൽ പ്രവർത്തിച്ചു വരുന്നത് അങ്കമാലി, തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല എന്നിവയാണ്. ഇതിൽ കോഴിക്കോട് ഒഴികെയുള്ളവയിൽ നിന്നും വരുമാനം ഉണ്ടാക്കി വരുന്നു. സ്ഥാപനങ്ങളുടെ എണ്ണവും വരുമാനവും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇവ എവിടെയെല്ലാം പണി പൂർത്തിയാ ക്കിയിട്ടുണ്ട്; പണി പൂർത്തിയാക്കി യവ പ്രവർത്തന സജ്ജമാക്കാ ത്തത് ഉണ്ടെങ്കിൽ കാരണമെന്താ ണെന്ന് വ്യക്തമാക്കുമോ; | (സി) | ബി.ഒ.ടി അടിസ്ഥാനത്തിൽ പണി പൂർത്തി യാക്കിയവ അങ്കമാലി, തിരുവനന്തപുരം, കോഴിക്കോട്, തിരുവല്ല എന്നിവയാണ്. ഇവയെല്ലാം പ്രവർത്തനസജ്ജമായി വന്നു കൊണ്ടിരിക്കുന്നു. |
| (ഡി) | ഇവയിൽ നിന്നുള്ള വരുമാനത്തി ന്റെ എത്ര ഭാഗമാണ് കെ.എസ്. ആർ.ടി.സി. യ്ക്ക് ലഭിക്കുന്നത്; ലഭിക്കുന്നില്ലെങ്കിൽ അതിന്റെ കാര ണമെന്താണെന്ന് വ്യക്തമാക്കുമോ; | (ഡി) | അങ്കമാലി, തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നടത്തിപ്പിൽ നിന്നും ലഭിക്കുന്ന വരു മാനത്തിൽ നിന്നും കെ.ടി.ഡി.എഫ്.സിയ്ക്ക് കോംപ്ലക്സിന്റെ ഓപ്പറേഷൻസ് & മെയിന്റനൻസ് ഇനത്തിൽ ചിലവായ തുക കിഴിച്ചതിന് ശേഷമുള്ള ലാഭവിഹിതത്തിന്റെ 50% തുകയാണ് കെ.എസ്.ആർ.ടി.യിയ്ക്ക് നൽകേണ്ടത്. അങ്കമാലി കോംപ്ലക്സിൽ നിന്നും 1,41,00,000/- രൂപ അന്യുറ്റി ഇനത്തിൽ നാളിതുവരെ നൽകിയിട്ടുണ്ട്.<br>തിരുവല്ല, തിരുവനന്തപുരം (തമ്പാനൂർ) കോംപ്ലക്സിൽ നിന്നും കെ.ടി.ഡി.എഫ്.സി.യ്ക്ക് ഓപ്പറേഷൻസ് & മെയിന്റനൻസ് ഇനത്തിൽ ചെലവാകുന്ന |

| | | | |
|---|---|---|---|
| | | | തുകപോലും വാടകയായി ഇപ്പോൾ ലഭിച്ചു തുടങ്ങിയിട്ടില്ലാത്തതിനാൽ കെ.എസ്.ആർ. ടി.സിയ്ക്ക് അന്യുറ്റി ലഭിച്ചു തുടങ്ങിയിട്ടില്ല. കോഴിക്കോട് ടെർമിനലിൽ നിന്നുള്ള വരുമാനം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയുടെ തീർപ്പിനു വിധേയമായി തീരുമാനമെടുക്കുന്നതാണ്. |
| (ഇ) | കോടിക്കണക്കിന് തുക ചെലവിട്ട് നിർമ്മിച്ച ഇത്തരം സമുച്ചയങ്ങൾ വരുമാനം ലഭ്യമാകുന്ന രീതിയിൽ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിയ്ക്കുമോ? | (ഇ) | വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1 . ടെർമിനൽ കം വാണിജ്യ സമുച്ചയം (തിരുവനന്തപുരം,)

വാടക വിവരങ്ങൾ

| തമ്പാനൂർ ബസ് ടെർമിനൽ കോംപ്ലക്സ് | | | |
|---|---|---|---|
| ക്രമനമ്പർ | വാടകയ്ക്ക് നൽകിയ കടയുടെ നമ്പർ | കടമുറി വാടകയ്ക്ക് നൽകിയ തീയതി | വാടകയും മറ്റ് നികുതികളും ചേർത്ത് നിലവിൽ ഈടാക്കുന്ന തുക (സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം) |
| 1 | ജി കെ 3,4 | 06/07/2015 | 13,324 |
| 2 | ജി കെ 13 | 06/07/2015 | 7,297 |
| 3 | ജി കെ 14 | 06/07/2015 | 7,297 |
| 4 | ജി കെ 17 | 26/10/2015 | 7,623 |
| 5 | ജി 16 | 15/04/2016 | 40,480 |
| 6 | ജി കെ 1,2 | 11/09/2015 | 14,593 |
| 7 | ജി എ 2 | 06/01/2016 | 9,584 |
| 8 | ജി 4 | 03/03/2016 | 21,381 |
| 9 | ജി എ 1 | 18/03/2016 | 9,584 |
| 10 | ജി 3 | 21/03/2016 | 23,692 |
| 11 | ജി 13 | 17/03/2016 | 30,830 |
| 12 | ജി 14 (എ) | 24/04/2016 | 13,283 |
| 13 | ജി 14 | 11/05/2016 | 66,990 |
| 14 | ജി 05 | 27/04/2016 | 24,668 |
| 15 | ജി 10 | 12/05/2016 | 57,684 |
| 16 | ജി 11 | 12/05/2016 | 76,533 |
| 17 | ജി 15 | 08/09/2016 | 1,58,251 |

## 2 . ടെർമിനൽ കം വാണിജ്യ സമുച്ചയം ( അങ്കമാലി )

. വാടക വിവരങ്ങൾ

| അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സ് | | | | |
|---|---|---|---|---|
| ക്രമനമ്പർ | വാടകയ്ക്ക് നൽകിയ കടയുടെ നമ്പർ | കടമുറി വാടകയ്ക്ക് നൽകിയ തീയതി | വാടകയും മറ്റ് നികുതികളും ചേർത്ത് നിലവിൽ ഈടാക്കുന്ന തുക (സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം) | [illegible]ക്സ് |
| 1 | ഹോർഡിംഗ്സ് | | 13,015 | |
| 2 | ബി 1 – ബി 6 | 14/08/2012 | 7,31,035 | |
| 3 | ജി 22, 23, 27, 28 | 26/11/2012 | 89,018 | |
| 4 | ജി 1, 2 & 13 — 21 | 11/01/2013 | 2,11,863 | |
| 5 | ജി 48 | 27/02/2013 | 5,815 | |
| 6 | ജി 3,4,7,8,9 & 10 | 23/04/2013 | 1,64,103 | |
| 7 | ജി 25 | 30/04/2013 | 15,549 | |
| 8 | ജി 26 | 30/04/2013 | 13,936 | |
| 9 | ജി 05 & 06 | 07/05/2013 | 22,401 | |
| 10 | ജി 45 | 23/05/2013 | 17,686 | |
| 11 | ജി 42 | 12/06/2013 | 24,991 | |
| 12 | ജി 46 | 12/06/2013 | 18,002 | |
| 13 | എ 5 | 13/09/2013 | 16,903 | |
| 14 | ജി 11 & 12 | 01/10/2013 | 57,438 | |
| 15 | ജി 24 | 18/06/2014 | 5,669 | |
| 16 | ജി 29 | 30/06/2014 | 23,801 | |
| 17 | ജി 44 | 03/07/2014 | 23,801 | |
| 18 | ജി 47 | 22/12/2014 | 6,729 | |
| 19 | ജി 49 | 22/12/2014 | 3,642 | |
| 20 | ജി 43 | 29/07/2015 | 23,801 | |
| 21 | ജി 30 | 28/07/2015 | 23,801 | |
| 22 | ജി 31 | 15/12/2015 | 29,922 | |
| 23 | എഫ് 50 | 16/05/2016 | 14,701 | |

### 3 . ടെർമിനൽ കം വാണിജ്യ സമുച്ചയം ( തിരുവല്ല )

വാടക വിവരങ്ങൾ

| തിരുവല്ല ബസ് ടെർമിനൽ കോംപ്ലക്സ് | | | |
|---|---|---|---|
| ക്രമനമ്പർ | വാടകയ്ക്ക് നൽകിയ കടയുടെ നമ്പർ | കടമുറി വാടകയ്ക്ക് നൽകിയ തീയതി | വാടകയും മറ്റ് നികുതികളും ചേർത്ത് നിലവിൽ ഈടാക്കുന്ന തുക (സെപ്റ്റംബർ മാസത്തിലെ കണക്ക് പ്രകാരം) |
| 1 | ജി 2 | 04/09/2015 | 15,686 |
| 2 | ജി 3 | 18/09/2015 | 15,686 |
| 3 | ജി 5 | 09/05/2016 | 14,322 |
| 4 | ജി 20 | 07/09/2016 | 35,420 |

(signature)

സെക്ഷൻ ഓഫീസർ.